# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2576** **06.12.2018-ൽ മറുപടിക്ക്**

## കേരള ഹൈഡൽ ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരള ഹൈഡൽ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യവും ലക്ഷ്യവും വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിൽ 1955-ലെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് 1999-ൽ രൂപീകരിച്ച സ്ഥാപനമാണ് കേരള ഹൈഡൽ ടൂറിസം സെന്റർ, വൈദ്യുതി ബോർഡിന്റെ ഡാമുകളിലും അനുബന്ധ പ്രദേശങ്ങളിലും ടൂറിസം പ്രവർത്തനങ്ങൾ ആരംഭിച്ച് വരുമാനം ഉണ്ടാക്കുകയും, ഡാം പ്രദേശങ്ങളിൽ നടത്തുന്ന ഭൂമി കൈയ്യേറ്റങ്ങൾ തടയുന്നതിനും, ആദിവാസി മേഖലയിൽ നിന്നുള്ളവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള ഹൈഡൽ ടൂറിസം സെന്റർ. ഡാം കേന്ദ്രീകരിച്ചുള്ള ടൂറിസം പ്രവർത്തനങ്ങൾ വഴി കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിച്ച് നമ്മുടെ ടൂറിസം മേഖല പരിപോഷിപ്പിക്കുക എന്നതാണ് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ പ്രധാന ഉദ്ദേശം. |
| (ബി) | വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ഏതെല്ലാം ഡാമുകളി ലാണ് ഹൈഡൽ ടൂറിസം പദ്ധതി ഇതിനകം നടപ്പിലാക്കി യിട്ടുള്ളത്; | (ബി) | കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഇടുക്കി, നാടുകാണി, മാട്ടുപ്പെട്ടി, ആനയിറങ്കൽ, ശെങ്കുളം, എക്കോപോയിന്റ്, മൂന്നാർ ഹൈഡൽ പാർക്ക്, വയനാടിലെ ബാണാസുര സാഗർ, തിരുവനന്തപുരത്തെ ലോവർ മീൻമുട്ടി, നിലമ്പൂരിലെ ആഡ്യൻപാറ എന്നീ ഡാമുകളി ലാണ് ഹൈഡൽ ടൂറിസം നടപ്പിലാക്കി വരുന്നത്. |
| (സി) | സംസ്ഥാനത്തുണ്ടായ പ്രളയം ഹൈഡൽ ടൂറിസം പദ്ധതിയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | സാധാരണ ഗതിയിൽ ആഗസ്റ്റ് മുതൽ ജനുവരി വരെയും, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിലുമാണ് ടൂറിസ്റ്റുകളുടെ തിരക്ക് അനുഭവപ്പെടുന്നത്. ഈ വർഷം മൂന്നാറിൽ നീലക്കുറിഞ്ഞി പൂക്കുന്നതിനാൽ ടൂറിസ്റ്റുകളുടെ |

| | | | |
|---|---|---|---|
| | | | ഇരട്ടി വർദ്ധനവാണ് പ്രതീക്ഷിച്ചിരുന്നത്. ടൂറിസ്റ്റുകളുടെ തിരക്ക് മുന്നിൽ കണ്ടുകൊണ്ട് ഹൈഡൽ പാർക്കിൽ വാഹന പാർക്കിംഗ് സുഗമമാക്കുന്നതിന് സ്റ്റീൽ ബ്രിഡ്ജ് ഉൾപ്പെടെ ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നു. എന്നാൽ ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ പ്രളയം ടൂറിസ്റ്റുകളുടെ വരവിനെ മോശമായി ബാധിക്കുകയും, പ്രളയദുരന്തവും അതു മൂലമുണ്ടായ വരുമാന നഷ്ടവും കണക്കാക്കിയാൽ ഏകദേശം 25 കോടിയുടെ നഷ്ടം കേരള ഹൈഡൽ ടൂറിസം സെന്ററിന് ഉണ്ടായിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ